# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
11.00 AM -1.00 PM

**ക്ലാസ്സ് - VII**

**മാർക്ക് : 50**

**I. ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക** **1X10 = 10**

1. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നതെന്ത് ?
   (ദൈവസ്നേഹം, സഹോദരസ്നേഹം, ശത്രുസ്നേഹം)
2. കല്പനകളുടെ കാതൽ ?
   (സ്നേഹം, വിശ്വാസം, സത്യം)
3. ഇടവകജനങ്ങൾ ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും നല്കേണ്ട ഓഹരി ?
   (ദശാംശം, നേർച്ച, പതവാരം)
4. ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ........................ ?
   (ദൈവത്തെ കാണും, ഭൂമിയെ അവകാശമാക്കും, ആശ്വസിപ്പിക്കപ്പെടും)
5. സീറോമലബാർ സഭയിൽ കടമുള്ള ദിവസം ഏതാണ് ?
   (പത്രോസ് പൗലോസ് ശ്ലീഹന്മാർ, വിഭൂതിതിരുനാൾ, മിശിഹായുടെ രാജത്വതിരുനാൾ)
6. പൊതുസ്വത്ത് നശിപ്പിക്കുന്നത് ഏത് പ്രമാണത്തിനെതിരാണ് ?
   (ഏഴാം പ്രമാണം, എട്ടാം പ്രമാണം, അഞ്ചാം പ്രമാണം)
7. സമ്പത്ത് സമാഹരിക്കുന്നതിനുള്ള അതിരുകടന്ന ആഗ്രഹമാണ്.
   (മോഹം, ദ്രവ്യാസക്തി, കൊതി)
8. ഭാരതത്തിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ച അപ്പസ്തോലൻ.
   (പൗലോസ് ശ്ലീഹാ, തോമ്മാ ശ്ലീഹാ, യൂദാ ശ്ലീഹാ)
9. ഈശോയുടെ പ്രബോധനങ്ങളുടെ രത്നച്ചുരുക്കമാണ്.
   (തിരുസഭയുടെ കല്പനകൾ, വിശുദ്ധ കുർബാന, മലയിലെ പ്രസംഗം)
10. ഭാരതത്തിൽ മിഷനറിയായി രക്തസാക്ഷിത്വം വരിച്ച കേരളീയ സന്യാസിനി ?
    (വിശുദ്ധ അൽഫോൻസാ, വാഴ്ത്തപ്പെട്ട റാണി മരിയ, വിശുദ്ധ മദർ തെരേസ)

**II. വചനഭാഗം പൂരിപ്പിച്ച് എഴുതുക** **1X5 = 5**

11. ''കള്ളന്മാരും അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും കവർച്ചക്കാരും ............................................. അവകാശമാക്കുകയില്ല'' (1 കൊറി. 6 :10).
12. ''നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ, അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ......................... നിന്ന് വരുന്നു'' (മത്താ. 5 : 37).
13. ''നിങ്ങളുടെ ................................................. മായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം'' (യോഹ. 13 : 14).
14. ''എന്റെ മനഃസ്സാക്ഷിയും ...............................നാൽ പ്രചോദിതമാണ്'' (റോമാ 9 : 1).
15. ''നിങ്ങൾ ആദ്യം അവിടുത്തെ ..................................................................... അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും'' (മത്താ. 6 : 33).

*P.T.O*

**III. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3 = 9**

16. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വിലക്കപ്പെട്ട വേലകൾ ചെയ്യരുതെന്ന് പറയുന്നതിന്റെ അർത്ഥമെന്ത് ?
17. വിവാഹമോചനത്തിന്റെ ദുരിതം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് ആരാണ് ? എന്തുകൊണ്ട് ?
18. സുവിശേഷാനുസൃതമായ ദാരിദ്ര്യം എന്നാൽ എന്ത് ?

**IV. പാഠഭാഗത്തുള്ള ബൈബിൾ ഭാഗങ്ങളെ അടിസ്ഥാനമാക്കി ഉത്തരമെഴുതുക** **4X3 = 12**

19. യഥാർത്ഥ ക്രിസ്തു ശിഷ്യൻ എങ്ങനെ ആയിരിക്കണം. ഈശോ പറഞ്ഞ ഉപമയിലൂടെ നിങ്ങൾ മനസ്സിലാക്കിയത് സ്വന്തം വാക്യത്തിൽ എഴുതുക.
20. ''ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്''എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾക്ക് നമ്മുടെ ജീവിതത്തിലുള്ള സ്ഥാനമെന്ത് ?
21. ''നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കിക്കുടിക്കും'' (1 രാജാ. 21 : 19). സന്ദർഭം കണ്ടുപിടിച്ച് ആശയം വിശദമാക്കുക.

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X2 = 8**

22. ദ്രവ്യാസക്തിയെ കീഴടക്കാൻ സഹായിക്കുന്ന പുണ്യങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കുക ?
23. ക്രിസ്തീയ മനഃസ്സാക്ഷി രൂപീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ എന്തെല്ലാം ?

**VI. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **6X1 = 6**

24. ആരോഗ്യ ചികിത്സാ മേഖലകളിലെ ക്രൈസ്തവ മിഷനറിമാരുടെ സംഭാവനകൾ എന്തെന്ന് വിശദീകരിക്കുക.
25. ഈശോയുടെ ഒരു യഥാർത്ഥ ശിഷ്യൻ എപ്രകാരമാണ് ജീവിക്കേണ്ടതെന്നും അതുവഴി അവന് ലഭിക്കുന്ന സൗഭാഗ്യങ്ങൾ എന്തെന്നും ഈശോ പഠിപ്പിച്ചു. അവയിൽ നിന്നും ആറ് സൗഭാഗ്യങ്ങൾ എഴുതുക.